# കേരള സർക്കാർ

## <u>സംഗ്രഹം</u>

തിരൂർ ബ്ലോക്ക് പഞ്ചായത്ത്- 2015-16, 2016-17 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ ഓഡിറ്റ് തടസ്സം നീക്കുന്നത് -സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

**സ.ഉ.(സാധാ)/2741/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 07/08/2017

---

പരാമർശം:- 1. തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.05.2017-ലെ അപേക്ഷ

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 10.05.2017-ലെ യോഗ തീരുമാനം

## <u>ഉത്തരവ്</u>

തിരൂർ ബ്ലോക്ക് പഞ്ചായത്ത് 2015-16,2016-17 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പദ്ധതി മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തടസ്സ വാദം ഉന്നയിച്ചതായും, 2016-17-ലെ പദ്ധതിയുടെ 80 ശതമാനവും പൂർത്തീകരിച്ചിരിക്കുന്ന ഘട്ടത്തിൽ, പദ്ധതി പൂർത്തിയാക്കാനും 2015-16-ലെ ഓഡിറ്റ് തടസ്സം നീക്കുന്നതിനും പ്രത്യേക അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1)മുഖാന്തിരം അപേക്ഷിച്ചിരുന്നു.10.05.2017-ൽ ചേർന്ന സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ സമിതി ഇക്കാര്യം പരിഗണിക്കുകയും പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതിയിലെ 75/16-നമ്പർ പദ്ധതിയിൽ 2 ലക്ഷം രൂപ ചെലവഴിച്ചത് സാധൂകരിച്ചും 2016-17-ലെ വാർഷിക പദ്ധതിയിലെ 56/2017 നമ്പർ പദ്ധതി 6,13,194/- രൂപ(ആറു ലക്ഷത്തിപതിമൂവായിരത്തി നൂറ്റിതൊണ്ണൂറ്റി നാല് രൂപ മാത്രം) ചെലവഴിച്ച് പൂർത്തിയാക്കുന്നതിന് മാർഗ്ഗരേഖയിൽ ഇളവ് നൽകിക്കൊണ്ട് പ്രത്യേക അനുമതി നൽകിയും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ.ഷാജഹാൻ**

**സെക്രട്ടറി**

1.ഗ്രാമവികസന കമ്മീഷണർ
2.പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
3.അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
4.സെക്രട്ടറി/പ്രസിഡന്റ്,തിരൂർ ബ്ലോക്ക് പഞ്ചായത്ത്
5.സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SHAJI T R
Date: 2017.08.08 11:04:40 IST
Reason: Approved

സെക്ഷൻ ഓഫീസർ